"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - തൃശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - സ/ശ്രീ റ്റി അശോക് കുമാർ, ഡിക്സൺ വി ഡേവിസ്, സുരേഷ് എൻ ജി, സിനീഷ് വി എൻ, ഷാജു സി ജി എന്നിവരെ സർവ്വീസിൽ തിരികെ എടുത്ത നടപടി -സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.377/2026/TAXES തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 26.12.2024, 28.12.2024 തീയതികളിലെ EXC/6466/2024-XE4 നമ്പർ നടപടി ക്രമങ്ങൾ
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A(EKM) No.662/2025 നമ്പർ കേസിലെ 07.05.2025-ലെ ഉത്തരവ്.
3. എക്സൈസ് കമ്മീഷണറുടെ 26.07.2025-ലെ EXC/6466/2024-XE4 നമ്പർ നടപടിക്രമം
4. എക്സൈസ് കമ്മീഷണറുടെ 26.07.2025, 27.08.2025 തീയതികളിലെ EXC/6466/2024-XE4 നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച് സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24/12/2024 തീയതിയിൽ തൃശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരായ സ/ശ്രീ റ്റി അശോക് കുമാർ (എക്സൈസ് സർക്കിൾ

ഇൻസ്പെക്ടർ), ഡിക്സൺ വി ഡേവീസ്(അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), സുരേഷ് എൻ ജി (പ്രിവന്റീവ് ഓഫീസർ(ഗ്രേഡ്)), സിനീഷ് വി എൻ (സിവിൽ എക്സൈസ് ഓഫീസർ), ഷാജു സി ജി (സിവിൽ എക്സൈസ് ഡ്രൈവർ) എന്നിവരെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

2) മേൽ വിഷയത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പാലിക്കുന്നതിനായും കോടതി അലക്ഷ്യ നടപടികൾ ഒഴിവാക്കാനുമായി ടി ഉത്തരവിന് വിധേയമായി മേൽ ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ എടുത്തുകൊണ്ടു സർക്കാർ സാധൂകരണത്തിന് വിധേയമായി പരാമർശം (3) പ്രകാരം ഉത്തരവായതായും ആയത് സാധൂകരണത്തിനായി പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ച ശേഷം ഉചിതമായ രീതിയിൽ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ ആരംഭിക്കാവുന്നതാണെന്ന വ്യവസ്ഥയിന്മേൽ സ/ശ്രീ റ്റി അശോക് കുമാർ (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ഡിക്സൺ വി ഡേവിസ്(അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ),സുരേഷ് എൻ ജി (പ്രിവന്റീവ് ഓഫീസർ(ഗ്രേഡ്)), സിനീഷ് വി എൻ (സിവിൽ എക്സൈസ് ഓഫീസർ), ഷാജു സി ജി (സിവിൽ എക്സൈസ് ഡ്രൈവർ) എന്നിവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരമുള്ള നടപടിക്രമം പുറപ്പെടുവിച്ച എക്സൈസ് കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ),

തിരുവനനന്തപുരം, കേരളം

3. വിജിലൻസ് വകുപ്പ് (06.03.2026-ലെ എ2/232/2025-വിജി പ്രകാരം)
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/15/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 22-04-2026 15:06:10

സെക്ഷൻ ഓഫീസർ